**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1055** **24-02-2022 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യമിടുന്നത്; | (എ) | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നീ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു. മത്സ്യഫെഡ് എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. പ്ലാന്റിലെ വനിതാ ജീവനക്കാർ വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ ഇവിടെ നിന്നും റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് ' എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ , ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻ തോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ ചെങ്ങന്നൂർ മുളക്കുഴയിലും, വയനാട് കല്പറ്റയിലും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉപ്പാദന യൂണിറ്റ് CIFT ന്റേയും , CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു. ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപ്പരം "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്" എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഫിഷ് കട്ട് ലറ്റ് ഫിഷ് മോമോസ്, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണിയിൽ എത്തിച്ചു വരുന്നു. സാഫ് ഒരേ ഗുണനിലവാരമുള്ള മത്സ്യ ഉല്പന്നങ്ങൾക്കായി Common Facility Centre സ്ഥാപിക്കുവാനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി Procurement Centreകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. 300 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിക്കും. തീരമൈത്രി സംരംഭങ്ങളിലെ 145 മൽസ്യ സംസ്കരണ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമത്സ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റിൽ സാഫ് ലഭ്യമാക്കി വരുന്നു. |
| (ബി) | മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി സംബന്ധിച്ച് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കുമോ ; | (ബി) | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നീ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു. മത്സ്യഫെഡ് എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. പ്ലാന്റിലെ വനിതാ ജീവനക്കാർ വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ ഇവിടെ നിന്നും റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് ' എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ , ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻ തോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ ചെങ്ങന്നൂർ മുളക്കുഴയിലും, വയനാട് കല്പറ്റയിലും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉപ്പാദന യൂണിറ്റ് CIFT ന്റേയും , CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ |

| | | | |
|---|---|---|---|
| | | | ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ച് വരുന്നു. ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപ്പരം "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്" എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഫിഷ് കട്ട് ലറ്റ് ഫിഷ് മോമോസ്, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിച്ചു വരുന്നു. സാഫ് ഒരേ ഗുണനിലവാരമുള്ള മത്സ്യ ഉല്പന്നങ്ങൾക്കായി Common Facility Centre സ്ഥാപിക്കുവാനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി Procurement Centreകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. 300 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിക്കും. തീരമൈത്രി സംരംഭങ്ങളിലെ 145 മൽസ്യ സംസ്കരണ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമത്സ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റിൽ സാഫ് ലഭ്യമാക്കി വരുന്നു. |
| (സി) | മണിമല മാർക്കറ്റ് നവീകരിച്ച് മത്സ്യഫെഡ് മുഖേന ആധുനിക മത്സ്യമാർക്കറ്റ് - കം - വെയർഹൗസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ